## സി.ഡിറ്റ്:- കെട്ടിട നിർമ്മാണം

37 (3003) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിന് 2010-ലെ സർക്കാർ ഉത്തരവ് പ്രകാരം പട്ടത്ത് അനുവദിച്ച സ്ഥലത്ത് കെട്ടിടനിർമ്മാണത്തിന് കല്ലിടൽ കർമ്മം കഴിഞ്ഞ് രണ്ട് വർഷം കഴിഞ്ഞിട്ടും നിർമ്മാണം തുടങ്ങാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം.

(എ & ബി) സി.ഡിറ്റിന്റെ 18-ാം ഗവേണിംഗ് ബോഡിയുടെ 11-4-2012-ലെ തീരുമാനപ്രകാരം പട്ടത്ത് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനുള്ള ചുമതല ബി.എസ്.എൻ.എൽ. സിവിൽ വിംഗിനെ ഏൽപ്പിക്കാൻ തീരുമാനിച്ചിരുന്നു. തുടർന്ന് ബി.എസ്.എൻ.എൽ.-ഉം സി-ഡിറ്റുമായി ആർക്കിടെക്ച്ചറൽ കൺസൾട്ടൻസി ഒഴികെ മുഴുവൻ നിർമ്മാണ ചുമതലയും സംബന്ധിച്ച കരാർ 2013-ൽ ഒപ്പിടുകയുണ്ടായി. എന്നാൽ പിന്നീട് കൂടിയ സി-ഡിറ്റിന്റെ 66-ാം എക്സിക്യൂട്ടീവ് കമ്മിറ്റി ബി.എസ്.എൻ.എൽ.-മായി ഉണ്ടാക്കിയിരുന്ന കരാർ റദ്ദാക്കി ആർക്കിടെക്ച്ചറൽ കൺസൾട്ടൻസി ഉൾപ്പെടെ മുഴുവൻ നിർമ്മാണചുമതലയും ബി.എസ്.എൻ.എൽ.-നെ ഏൽപ്പിക്കാൻ തീരുമാനിക്കുകയുണ്ടായി. തുടർന്ന് മുഴുവൻ നിർമ്മാണ ചുമതലയും ബി.എസ്.എൻ.എൽ.-നെ ഏൽപ്പിച്ചുകൊണ്ട് പുതുക്കിയ കരാറിൽ എർപ്പെടുകയും അഡ്വാൻസ് തുക ബി.എസ്.എൻ.എൽ.-ന് നൽകുകയും ചെയ്തു. എന്നാൽ ബി.എസ്.എൻ.എൽ. സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് തുക മുൻപ് അനുവദിച്ച തുകയേക്കാൾ കൂടുതലായതിനാൽ ചെലവ് കുറഞ്ഞ നിർമ്മാണ രീതി അവലംബിച്ച് പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുവാൻ ബി.എസ്.എൻ.എൽ.-നോട് ആവശ്യപ്പെടുകയും അപ്രകാരം പുതുക്കിയ പ്രൊപ്പോസൽ ബി.എസ്.എൻ.എൽ. സമർപ്പിക്കുകയും ആയതിന് ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിച്ചു വരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly